പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3129 28.01.2014 - ൽ മറുപടിക്ക്**

## കെ.എസ്.ടി.പി.രണ്ടാംഘട്ട പദ്ധതി

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.പി.എ.മാധവൻ
ശ്രീ.പാലോട് രവി

(എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടങ്കൽത്തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണവും പുനരുദ്ധാരണവുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**ഉത്തരം**

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

(എ) (ബി) (സി) & (ഡി) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2403 കോടി രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പ്രവൃത്തിയിൽ 363 കി.മീ. ദൈർഘ്യത്തിൽ, 6 റോഡുകളുടെ വികസന പ്രവർത്തനങ്ങൾ ലോക ബാങ്ക് ധനസഹായത്തോടു കൂടി നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-**

1. 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ് - കാഞ്ഞങ്ങാട് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 133.06 കോടി രൂപയ്ക്ക് കരാർ നൽകി എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. 24 മാസമാണ് നിർമ്മാണ കാലാവധി.
2. 20.90 കി.മീ. ദൈർഘ്യമുള്ള പിലാത്തറ – പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 118.29 കോടി രൂപയ്ക്ക് കരാർ നൽകി എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. 24 മാസമാണ് നിർമ്മാണ കാലാവധി.
3. 53.12. കി.മീ. ദൈർഘ്യമുള്ള തലശ്ശേരി - വളവുപാറ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 234.99 കോടി രൂപയ്ക്ക് കരാർ നൽകി എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. 30 മാസമാണ് നിർമ്മാണ കാലാവധി.
4. 43.65 കി.മീ. ദൈർഘ്യമുള്ള എം.സി.റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡിന്റെ കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
5. 42 കി.മീ. ദൈർഘ്യമുള്ള എം.സി. റോഡിന്റെ ഏറ്റുമാനൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തി 171.49 കോടി രൂപയ്ക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട്. 30 മാസം നിർമ്മാണ കാലാവധിയുള്ള റോഡിന്റെ പ്രാരംഭ പ്രവർത്തനം തുടങ്ങി കഴിഞ്ഞു.
6. 50.23 കി.മീ. ദൈർഘ്യമുള്ള പൊൻകുന്നം - തൊടുപുഴ റോഡിന്റെ നിർമ്മാണ പ്രവൃത്തിയുള്ള ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കരാർ നൽകുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.
7. 2.3 കി.മീ. ദൈർഘ്യമുള്ള തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തിയുടെ കരാർ 31.80 കോടി രൂപയ്ക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട്. 24 മാസം നിർമ്മാണ കാലാവധിയുള്ള ഈ വികസന പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
8. 82 കി.മീ. ദൈർഘ്യമുള്ള പുനലൂർ - പൊൻകുന്നം റോഡിന്റെ നിർമ്മാണം PPP Annuity യിലാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനു വേണ്ടിയുള്ള Transaction Advisory Consultant നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. അതിനുശേഷം റോഡ് നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിയുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ